# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ
1981 സെപ്ററംബർ

# കേരള പ്രൈവററ് കോളേജ് ടീച്ചർ

അഖില കേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം

നമ്പർ : 30

സെപ്ററംബർ 1981

വില : ഒററപ്രതി — 75 പൈസ

വാർഷിക വരിസംഖ്യ — 7.50 രൂപ

**പത്രാധിപസമിതി :**

വി. നാരായണൻകുട്ടി
ജി. മാധവൻനായർ
എൻ. ഭാർഗവൻ
എം. ആർ. ചന്ദ്രശേഖരൻ
പി. രവീന്ദ്രനാഥ്
വി. എൻ. മുരളി (ചീഫ് എഡിററർ)

---

- ജില്ലാ പ്രവർത്തന റിപ്പോർട്ടുകൾ ജില്ലാസെക്രട്ടറിമാർ ഓരോ മാസവും 5-ാംതീയതിയ്ക്കുമുമ്പ് ജേർണലിലേയ്ക്ക് അയയ്ക്കണം.

- ജേർണൽവില ഒററപ്രതി 75 പൈസയാണ്. വാർഷിക വരിസംഖ്യ 7.50 രൂപയും. പല ബ്രാഞ്ചുകളിലേയും വരിസംഖ്യയുടെ കാലാവധി കഴിഞ്ഞിരിക്കുന്നു. ഒരു മാസത്തിനകം പുതുക്കുന്നില്ലെങ്കിൽ പിന്നീട് ജേർണൽ അയയ്ക്കുന്നതല്ല.

- ജേർണൽ സംബന്ധമായ എല്ലാ കത്തുകളും ചീഫ് എഡിറററുടെ പേർക്ക് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയയ്ക്കുക.

*Kerala Private College Teacher,*
*Vasantham,*
*Kesavadasapuram, Trivandrum-4.*

# ശക്തമായ പ്രതിഷേധം

ആഗസ്ററ് 24-ന് സെക്രട്ടറിയേററുപടിക്കൽ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ കോളേജധ്യാപകർ നടത്തിയ ധർണ്ണ ഗവണ്മെൻറിന്റെ ഉദാസീന നയത്തിനെതിരേയുള്ള ശക്തമായ പ്രതിഷേധമായിരുന്നു. ഫെബ്രുവരിയിൽ നടന്ന പണിമുടക്കു സമരത്തോടനുബന്ധിച്ച് സംയുക്തസമരസമിതിയുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാൻ ഇനിയും കാലതാമസമുണ്ടായാൽ മറെറാരു സമരത്തിലേയ്ക്കു നീങ്ങുകയല്ലാതെ അധ്യാപകർക്ക് വേറെ മാർഗമില്ല.

നിയമസഭയിൽ ശ്രീ. സി. ബി. സി. വാര്യർ ഇക്കാര്യം സംബന്ധിച്ചുന്നയിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിനു മറുപടിയായി, കോളേജധ്യാപകർക്കു നൽകിയിട്ടുള്ള ഉറപ്പിൽനിന്നും ഗവണ്മെൻറ് ഒരിക്കലും പുറകോട്ടു പോകുന്നതല്ലെന്ന് വിദ്യാഭ്യാസമന്ത്രി പറയുകയുണ്ടായി. സെപ്ററമ്പർ 5-ന് മന്ത്രിയെക്കണ്ട എ. കെ. പി. സി. ടി. എ. പ്രതിനിധികളോട്, യു. ജി. സി. സ്കെയിലിനുവേണ്ടി ഒരു ശ്രമംകൂടി ഉടനേതന്നെ കേന്ദ്രത്തിൽ നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. ആ ശ്രമവും വിജയിക്കുന്നില്ലെങ്കിൽ നോൺകേഡർ ഫസ്റ്റ് ഗ്രേഡ് നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. ചർച്ചകളും ആലോചനകളുമായി ഇനിയും കാര്യം നീണ്ടുപോകരുതെന്നും, ഒത്തുതീർപ്പുവ്യവസ്ഥകൾ അനുസരിച്ചുള്ള വ്യക്തമായ ഓർഡറുകൾ ഉടൻതന്നെ ഉണ്ടാകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

പണിമുടക്കകാലത്തെ ശമ്പളം നൽകുന്നതു സംബന്ധിച്ചും അവസാന തീരുമാനമായിട്ടില്ലെന്നാണ് വിദ്യാഭ്യാസമന്ത്രി നിയമസഭയിൽ പറഞ്ഞത്. ഗവണ്മെൻറു പ്രഖ്യാപിച്ചിട്ടുള്ള നയമനുസരിച്ചാണെങ്കിൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടാകാൻ വൈകേണ്ടതില്ല. ഭൂരിപക്ഷം കോളേജധ്യാപകരും പങ്കെടുത്ത സമരത്തിന് ഡൈസ്നോൺ ബാധകമാവുന്ന പ്രശ്നമില്ലല്ലോ. മാത്രമല്ല വിദ്യാർത്ഥികൾക്കു ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ അധ്യാപകർ സിലബസ്സനുസരിച്ചുള്ള പാഠഭാഗങ്ങളെല്ലാം പഠിപ്പിച്ചുതീർത്തിട്ടുള്ളതുമാണ്. ഇക്കാരണങ്ങളാലെല്ലാം പണിമുടക്കുകാലത്തെ ശമ്പളം നൽകുന്നതിൽ തീരുമാനമെടുക്കാൻ ഇനിയു കാലതാമസമുണ്ടാകരുത്.

ഗവണ്മെൻറ് സമ്മതിച്ച കാര്യങ്ങൾ നടപ്പിലാക്കി കിട്ടാനായി മറെറാരു സമരത്തിലേക്ക് അധ്യാപകരെ തള്ളിവിടരുതെന്ന് ഒരിക്കൽകൂടി ഗവണ്മെൻറിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. □

# പ്രൊഫസർ ഇർഫാൻ പ്രശ്നം

## ജനാധിപത്യ വിശ്വാസത്തിനെതിരേയുള്ള വെല്ലുവിളി

അലിഗഢ് മുസ്ലീം സർവ്വകലാശാലയിലെ സാമൂഹ്യ ശാസ്ത്രവിഭാഗത്തിന്റെ തലവനും പ്രസിദ്ധചരിത്ര ശാസ്ത്രജ്ഞനുമായ പ്രൊഫസ്സർ ഇർഫാൻ ഹബീബിനെ സസ്പെൻറു ചെയ്ത നടപടി അക്കാദമിക് സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യ വിശ്വാസത്തിന്റെയും നേർക്കുയർന്നു വന്നിരിക്കുന്ന വലിയൊരു ഭീഷണിയാണ്. എന്താണ് അദ്ദേഹത്തിന്റെ പേരിലുള്ള കുററം? പണ്ഡിതനല്ലെന്നാണോ? പഠിപ്പിക്കുന്നില്ലെന്നാണോ? ഇതിലൊന്നും അദ്ദേഹത്തെ വെല്ലുന്നവർതന്നെ ഉണ്ടാവില്ല. പിന്നെന്താണ്? ഒരു പുരോഗമനവാദിയാണ്. തന്റെ പുരോഗമന പക്ഷപാതം തുറന്നു പറയുന്ന ആളുമാണ്. ഇതാണ് ഏററവും വലിയ കുററമായി തീർന്നി

രിക്കുന്നത്. ഇതിന്റെ പേരിലാണ് സങ്കുചിത മതവാദികൾ അദ്ദേഹത്തിനെതിരെ ചന്ദ്രഹാസമിളക്കുന്നത്. പഴകിത്തുരുമ്പിച്ച ജാതിമത ചിന്തകൾക്കെതിരെ അഭിപ്രായം പറഞ്ഞതിന്റെ പേരിൽ സർവ്വകലാശാലയിൽ നിന്നു തന്നെ അദ്ദേഹത്തെ പുറന്തള്ളാനുള്ള ശ്രമം നടന്നുവരികയാണ്. ഭരണഘടനാദത്തമായ ന്യൂനപക്ഷാവകാശം (ആർട്ടിക്കിൾ 30(1)) മാനേജുമെന്റുകൾക്കു മാത്രമുള്ളതാണോ? ന്യൂനപക്ഷസമുദായത്തിൽപ്പെട്ട അധ്യാപകന് അതു ലഭിക്കില്ലെന്നാണോ?

ഏതായാലും പ്രൊഫ. ഇർഫാൻ ഹബീബിനെ സസ്പെൻറുചെയ്ത നടപടി ഇന്ത്യയിലെ ബുദ്ധിജീവികളെ മാത്രമല്ല സാധാരണക്കാരെപ്പോലും അസ്വസ്ഥരാക്കിയിട്ടുണ്ട്. അധ്യാപകരുടെ മാത്രമല്ല, ജനാധിപത്യവിശ്വാസികളുടെ ആകമാനം പ്രതിഷേധം ഈ സസ്പെൻഷനെതിരേ ഉണ്ടാകുമെന്നതിൽ സംശയമില്ല.

# അധ്യാപക ദ്രോഹനയം അവസാനിപ്പിക്കുക

പ്രൊഫ. ആർ. രവീന്ദ്രൻനായർ
പ്രസിഡന്റ്, N. S. S. കോളേജ് ടീച്ചേഴ്സ് കോ–ഓർഡിനേഷൻ കൗൺസിൽ.

എൻ. എസ്. എസ് കോളേജധ്യാപകരെ വിവിധ കോളേജുകളിലേയ്ക്ക് സ്ഥലം മാററിക്കൊണ്ടുള്ള ഈ അധ്യയന വർഷത്തിലെ മൂന്നാമത്തെ ലിസ്ററും പുറത്തിറങ്ങിയിരിക്കുന്നു. (ആഴ്ചകൾ തോറും നടത്തുന്ന ഒററയ്ക്കൊററയ്ക്കുള്ള സ്ഥലം മാററങ്ങൾ കൂടാതെയാണിത്). ഓണക്കാലത്തു തന്നെ പുതിയ സ്ഥലങ്ങളിൽ റിപ്പോർട്ടുചെയ്യുന്നതിനാണ് ഉത്തരവ്. അങ്ങിനെ നിയമാനുസൃതമായി അധ്യാപകർക്കു ലഭിക്കാവുന്ന ജോയിനിങ്ടൈം പോലും നിഷേധിച്ചിരിക്കുകയാണ്. പതിവിൻപടി എ. കെ. പി. സി. ടി. എ. പ്രവർത്തകരോടുള്ള പകപോക്കൽ പരിപാടിതന്നെയാണ് ഇത്തവണയും നടത്തിയിരിക്കുന്നത്. നിലമേൽ കോളേജിൽ നിന്നും സംഘടനാ പ്രവർത്തകരെ കൂട്ടത്തോടെതന്നെ സ്ഥലം മാററിയിരിക്കയാണ്. ഈ കോളേജിലെ ജി. പ്രഭാകരൻനായർ, കെ. പി. ദിവാകരൻനായർ എന്നിവർ നെൻമാറ, മഞ്ചേരി മട്ടന്നൂർ എന്നീ കോളേജുകളിലായി എട്ടു വർഷം ജോലിനോക്കിയവരാണ്. തിരുവനന്തപുരത്തു താമസക്കാരാണെങ്കിലും കഴിഞ്ഞ രണ്ടു വർഷമായി, നിലമേൽ പോയ്‌വരാനെങ്കിലും ഇവർക്കു കഴിഞ്ഞിരുന്നു. ഇപ്പോൾ ഇവരിൽ പ്രഭാകരൻനായരെ നെൻമാറയ്ക്കും ദിവാകരൻനായരെ ചേർത്തലയ്ക്കും മാററിയിരിയ്ക്കുന്നു. അതുപോലെ കെ. വിജയശങ്കർ, പി. എൻ. ദാമോദരകൈമൾ, വി. എൻ. മുരളി എന്നിവർക്കും നെൻമാറ, ഒററപ്പാലം, മട്ടന്നൂർ എന്നീ കോളേജുകളിലായി നിരവധി വർഷം സർവ്വീസുള്ളവരാണ്. അവരേയും വീണ്ടും നെൻമാറ ഒററപ്പാലം എന്നീ കോളേജുകളിലേക്ക് ഇപ്പോൾ മാററി. മലബാറിൽ ഏഴു വർഷം സർവ്വീസുണ്ടായിരുന്ന ടി. കെ. ഗോപാലകൃഷ്ണൻനായരെ ഇത്തവണ ആദ്യലിസ്ററിൽത്തന്നെ വാഴൂർ നിന്നും ഒററപ്പാലത്തിനു മാററിയിരുന്നു. പുതിയ ലിസ്ററിൽ അദ്ദേഹത്തെ നെൻമാറയ്ക്കുമാററി. മൂന്നുമാസത്തിനുള്ളിൽ രണ്ടാമത്തെ സ്ഥലം മാററം! ഇത്തരത്തിൽ എടുത്തുകാണിക്കാവുന്ന നിരവധി ഉദാഹരണങ്ങളുണ്ട്.

അന്തസ്സായി സംഘടനാപ്രവർത്തനം നടത്തുന്നവരെ നിരന്തരം തെക്കുവടക്കു സ്ഥലം മാററി നിർവ്വീര്യരാക്കാമെന്നാണ് മാനേജുമെന്റു കരുതുന്നതെങ്കിൽ അതുവെറും വ്യാമോഹം മാത്രമാണ്.

മാനേജുമെന്റിന്റെ ശിങ്കിടികളായ ഒരു പിടി ആളുകളെക്കൊണ്ട് തട്ടിക്കൂട്ടിയ 'സംഘടന' വളർത്താൻ എ. കെ. പി. സി. ടി. എ. പ്രവർത്തകരെ നിരന്തരം സ്ഥലംമാററി ദ്രോഹിക്കുന്ന നടപടിയ്ക്ക് ശക്തമായ തിരിച്ചടി അധ്യാപക പ്രസ്ഥാനത്തിൽനിന്നുണ്ടാകുമെന്ന് ഓർക്കുന്നതു നന്നായിരിക്കും.

പൊതുഖജനാവിൽനിന്നും അധ്യാപകർക്ക് ശമ്പളം നൽകുന്ന സർക്കാരിന്, സ്ഥലംമാററം ഒരു ആയുധമായി ഉപയോഗിച്ച് അധ്യാപകരെ ദ്രോഹിക്കുന്ന മാനേജുമെന്റിനെ നിയന്ത്രിക്കാനുള്ള ബാധ്യതയുണ്ട്. യൂണിവേഴ്സിററി നിയമത്തിലെ 64–ാം വകുപ്പു നടപ്പിലാക്കി, അന്തർസർവ്വകലാശാലാ മാററങ്ങൾ തടയണമെന്നും, ഓരോ യൂണിവേഴ്സിററിയുടേയും കീഴിലുള്ള കോളേജുകളിലെ അധ്യാപകരുടെ സ്ഥലംമാററങ്ങൾക്ക് ഉചിതമായ തത്വങ്ങൾ ആവിഷ്കരിക്കണമെന്നും സർക്കാരിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

# സെക്രട്ടറിയേററു പടിക്കൽ കൂട്ട ധർണ

## ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടൻ നടപ്പിലാക്കുക

## തടഞ്ഞുവച്ച ശമ്പളം നൽകുക

കോളേജധ്യാപക സംയുക്തസമരസമിതിയുടെ നേതൃത്വത്തിൽ എ. കെ പി. സി. ടി. എ യുടേയും എ. കെ. ജി. സി. ടി യുടേയും പ്രവർത്തകർ ആഗസ്റ്റ് 24 ന് സെക്രട്ടറിയേററു പടിക്കൽ കൂട്ടധർണ്ണനടത്തി. പണിമുടക്കുകാലത്ത് സംയുക്തസമരസമിതിയുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാൻ കാലതാമസം വരുന്നതിൽ അധ്യാപകർക്കുള്ള ശക്തമായ പ്രതിഷേധം പ്രതിഫലിപ്പിക്കുന്നതരത്തിലായിരുന്നു ധർണ. നിയമസഭ നടക്കുന്ന അവസരത്തിൽത്തന്നെ, ഇക്കാര്യത്തിലുള്ള അധ്യാപകരുടെ പ്രതിഷേധം ഗവൺമെൻറിനെ അറിയിക്കണമെന്നുള്ളതുകൊണ്ട് പെട്ടെന്നായിരുന്നു ധർണ സംഘടിപ്പിച്ചത്. എങ്കിലും ധാരാളം അധ്യാപകർ ധർണ്ണയിൽ പങ്കെടുത്തു.

അവകാശങ്ങൾക്കുവേണ്ടി ഒരു സമരവും അതു നടപ്പിലാക്കി കിട്ടുന്നതിനുവേണ്ടി മറെറാരുസമരവും നടത്തേണ്ടിവരുന്ന അവസ്ഥ വിശദീകരിച്ചുകൊണ്ടാണ് സമരസഹായസമിതി കൺവീനറും എൽ. ഐ. സി. ജീവനക്കാരുടെ നേതാവുമായ ശ്രീ. കെ. രാഘവൻ പിള്ള ധർണ ഉത്ഘാടനം ചെയ്തത്. സമരസമിതിചെയർമാൻ പ്രൊഫ: ആർ. ആർ. സി. നായർ, ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി മറെറാരുപണിമുടക്കുസമരം കോളേജധ്യാപകരംഗത്തുണ്ടായാൽ അതിൻെറ പൂർണ്ണ ഉത്തരവാദിത്വം ഈ സർക്കാരിനായിരിക്കുമെന്ന മുന്നറിയിപ്പു നൽകി.

കെ. പി. ടി. യു., എൻ. ജി. ഒ. യൂണിയൻ, സെക്രട്ടറിയേററ് എംപ്ളോയിസ് അസോസിയേഷൻ, എജീസ് ഓഫീസ് എംപ്ളോയീസ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ ധർണയ്ക്ക് അഭിവാദ്യം അർപ്പിച്ചു.


എം. എൽ. എ മാരായ വി. വി. ദക്ഷിണാമൂർത്തി, ടി.പി. പീതാംബരൻമാസ്ററർ, പി. ഭാസ്കരൻ, പ്രൊഫ. ഉമ്മൻമാത്യു എന്നിവരും ധർണക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് സംസാരിച്ചു.




ആഗസ്ററ് 24 ന് സെക്രട്ടറിയേററു പടിക്കൽ നടന്ന കൂട്ട ധർണ



എൻ. എം. ജോസഫ്
ജനറൽ സെക്രട്ടറി



പി. രവീന്ദ്രനാഥ്
പ്രസിഡൻറ്



നന്ദിയോട് രാമചന്ദ്രൻ
വൈസ് പ്രസിഡൻറ്


# എ. കെ. പി. സി. ടി. എ. ഭാരവാഹികൾ



ഡി. നാരായണൻകുട്ടി
വൈസ് പ്രസിഡൻറ്



എൻ. ഭാർഗവൻ
ട്രഷറർ



ആർ. രവീന്ദ്രൻനായർ
സെക്രട്ടറി

## BOARDS OF STUDIES OF THE UNIVERSITY OF KERALA RECONSTITUTED BY THE SYNDICATE FOR A PERIOD OF 3 YEARS FROM 1st AUGUST, 1981 — AKPCTA MEMBERS NOMINATED TO THE VARIOUS BOARDS OF STUDIES

Given below is the Provisional list of the AKPCTA members who have been nominated by the Syndicate to the Various Boards of Studies of the University of Kerala, re-constituted with effect from 1st August, 1981.

(1) English

(a) PASS

1. (i) Dr. S. Sreenivasan, Prof. of English, T. K. M. College, Nangiarkulangara
2. (ii) Thomas Ninan, Professor, Bishop Moore College, Mavelikkara

(b) POST — GRADUATE

3. (i) K. V. Mathai. Professor, St. Thomas College, Palai
4. (ii) Dr. M. Gopinathan Nair, Professor, NSS College, Nilamel

(2) History

PASS

5. (i) Dr. P. Rajasekharan Nair, Professor, S D College, Alleppey
6. (ii) N. Sumam, Professor, S N College, Chempazhanthy
7. (iii) K. V. John, Professor, St. Thomas College, Palai

(3) Politics

(a) PASS

8. (i) Dr. P. S. Panicker, Professor, N S S College, Changanachery
9. (ii) V. Sukumaran Professor, S N College, Quilon
10. (iii) G. Purushothaman, Professor, S N College, Sherthallai

(b) POST–GRADUATE

11. (i) P. Vijayan, Professor, S N College, Quilon

(4) Economics

(a) PASS

12. (i) P. M. Thomas, Professor, Marthoma College, Thiruvalla
13. (ii) S. Mohammed Kunju, Professor, T K M College of Arts & Science, Quilon
14. (iii) P. Ravindranath, Professor, N S S College, Vazhoor
15. (iv) K. G. Padmanabhan Nair, Professor, N S S College, Nilamel

(b) POST-GRADUATE

16. (i) N. Kesavan Namboodiri, Professor, S S College, Kalady

(5) Psycology

17. (Pass) Uma Rajendran, Professor, S N College, Chempazhanthy

(6) Sociology

POST-GRADUATE

18. C. J. Mathew, Professor, Layola College, Trivandrum.

(7) Mathematics

(a) PASS

19. (i) N. J. Jacob, Professor, C M S College, Kottayam

20. (ii) K. Narendran, Professor, S N College, Quilon

21. (iii) K. G. Sudhakaran Nair, St. Michael's College, Sherthallai

(b) POST-GRADUATE

22. (i) Sreejayadevi, Professor, S N College, Quilon

23. (ii) T. K. Gopalakrishna Pillai, Professor, Marthoma College, Thiruvalla

(8) Physics

(a) PASS

24. (i) G. Saratchandran Nair, Professor, S N College, Sivagiri, Varkala

25. (ii) B. Saraswathy Amma, Professor, V T M N S S College, Dhanuvachapuram

26. (iii) R. Janardhana Iyer, Professor. D B College, Sasthamcottah

(b) POST–GRADUATE

27. (i) K. C. Chacko, Professor, C M S College, Kottayam

28. (ii) Dr. P. Parameswaran Pillai, M G College, Trivandrum

(9) Chemistry

(a) PASS

29. (i) C. P. Gopalakrishna Pillai, Professor, D B College, Sasthamcottah

30. (ii) K. N. J. Kartha, Professor, S N College, Sherthallai

31. (iii) S. Lalitha Bai, Professor, S N College for Women, Quilon

(b) POST-GRADUATE

32. Dr. K. Sundaresan, Professor, S N College, Quilon

(10) Botany

(a) PASS

33. (i) Mathew, M. Sebastian, Professor, St. Thomas College, Palai

(*Contd. Page 17*)

# ഉറപ്പുകൾ പാലിക്കും

—വിദ്യാഭ്യാസമന്ത്രി

പണിമുടക്കിനോടനുബന്ധിച്ച് സംയുക്തസമരസമിതിയുമായി സർക്കാർ ഉണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുന്നതാണെന്ന് വിദ്യാഭ്യാസമന്ത്രി ബേബിജോൺ പറഞ്ഞു. പണിമുടക്കുകാലത്തെ ശമ്പളം അനുവദിക്കണമെന്ന ആവശ്യവും; ഒത്തുതീർപ്പുവ്യവസ്ഥകൾ ഉടൻതന്നെ നടപ്പിലാക്കണമെന്ന ആവശ്യവും ഉന്നയിച്ചുകൊണ്ട് മന്ത്രിയെക്കണ്ടു സംസാരിച്ച സംഘടനാ നേതാക്കളെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. പണിമുടക്കുകാലത്തെ ശമ്പളം സംബന്ധിച്ച് ഒരു അവസാന തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ലെന്ന് മന്ത്രി അറിയിച്ചു. താമസിയാതെ തീരുമാനമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

പ്രൊഫ. ടി. വി. ബാലൻ, പ്രൊഫ. പി. രവീന്ദ്രനാഥ്, പ്രൊഫ. എൻ. എം. ജോസഫ്, പ്രൊഫ. കെ. ഇബ്രാഹിംകുട്ടി എന്നിവരായിരുന്നു മന്ത്രിയെ കണ്ടത്.

## Status and Working Condition of Indian Teachers

*(Contd. from the last issue)*

24. Adequate representation of teachers in managements of educational institutions is necessary not so much in the interest of teachers as in the interest of education in general and the smooth running of institutions in particular. But in this sphere progress has been unsatisfactory.

25. India is a federal state but the Centre has grown progressively so strong that it is now more unitary than federal. This retrograde step has been eroding the basic structure of the country which is essential for the development of scientific education in India. India is a multilingual and multinational country. Backwardness and parochial thinking may be successfully fought if the constituent units of the Indian Union are given equal opportunity to develop their own language and culture. This only may ensure cultural development for the entire Union and guarantee national integraiion of the country. Education through mother tongue will further strengthen the bond.

26. Education remained on the state list till 1975 when by an amedment it was taken to the concurrent list of subjects. Central legislation on education has been meagre. At the Centre there is an authority called Central Advisory Board on Education (CABE} which is composed of the Union and state education ministers and individual academic experts who are nominated by the the Union Minister of Education. Important policy decisions pertaining to education as also five year plans on education are discussed and decided upon by the CABE. National organisations of teachers have been demanding since long their representatiton on CABE and this demand has been persistently rejected by successive governments. University Grants Commission is an apex body in the field of higher education. All India Federation of University and College Teachers' Organisations(AIFUCTO), the only national body of college and university teachers of India, has been demanding represntation on it. However, here also the Union education ministry insists on having the commission composed of all nominated members. Similarly the National Council of Educational Research and Training and also the various State Councils of Educational Research and Training have been constituted generally in a manner that they consist only or at least mainly of nominated members. Teachers' organisations have not been given any importance.

# Composition of Management

27. Immediatly after the independence a Commission, known as Kher Commission by the name of its Chairman, was appointed by the Central Government. Kher Commission recommended allotment of 10% of the Central Budget and 30% of State Budget for education. But the Central Government is, till now, far behind the goal and only a few of State Governments such as Jammu Kashmir, West

Bengal, Kerala and Maharastra spent more than 30% of theit budget allotment for education. It is also a growing demand of the teachers' movement that secondary and primary grants commissions shall be instituted in the line of University Grants Commission for financial assistance to the respective levels of education. It may further be noted that the States where general democratic movement is strong, It has been possible to introduce a democratic administration by ballot resulting in acquiring not only many of the rights of the teachers and educational employees, but also fulfilment of some long-standing demands of education itself e. g. free education up to secondary stage, free distribution of text books at the primary level etc.

28. Coming to the level of individual institutions, in government institutions, there is practically no teacher participation in management. In private institutions, the management rules vary widely. On governance of colleges and universities the University Grants Commission set up a Committee under the chairmanship of retired Chief Justice of Indian Supreme Court P. B. Gajendragadkar. Although full of many short-comings its report recommended considerable division of authority and democratic composition of various bodies of university governance. Implementation of the recommendations has been at the best tardy and ununiform.

29. There are a whole set of institutions of higher learning like Indian Institutes of Technology (I. I. T.), Management (I. I. M.), Service etc. which enjoy the status or Deemed Universities. Composition of governance of these institutions is typically undemocratic and authoritarian. Representation of students and the non-teaching staff in the governance of the the institutions of higher education is near zero. In some states however, like Kerala and West Bengal there have been provisions for representation of students and non-teaching staff in the governing authorities of such institutions. Composition of Secondary and Higher Secondary Education Boards also is similar. Usually they are composed of Government nominees. However, in some states there is provision for representation of recognised teachers' organisations on these Boards. Majority of primary schools are managed by the District School Boards and these also are almost without exception composed of cent percent government nominees. In West Bengal, however, there are provisions of representation of recognised teachers' organisations on these Boards.

30. Composition of authorities of governance of iudividual schools and colleges varies widely. Generally speaking, institutions run by minorities, religious denominations, trusts and registered societies have undemocratic governing authorities. The provision of having one or more nominees of the government on the authority of governance now has become almost general. In college governance, the university has been playing a progressively more important role. In school management the elected representatives of students' guardians have been assigned importance. Democratisation of educational administration as a crucial component of democratic education has remained one of the most important demands of techers' movement in India. It should be noted that there has been significant achievement in this field in several states.

*(Contd. Page 15)*

# 1981 അഗസ്ററ് 23-ന് കൂടിയ എ. കെ. പി. സി. ടി. എ. പ്രവർത്തകസമിതി യോഗത്തിലെ ചർച്ചകളും തീരുമാനങ്ങളും

പ്രവർത്തകസമിതിയുടെ ഒന്നാമത് യോഗം ആഗസ്ററ് 23_ാം തീയതി എറണാകുളം ഹോട്ടൽ എമ്പസിയിൽ സംഘടനാ പ്രസിഡണ്ട് പ്രൊഫ: പി. രവീന്ദ്രനാഥിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു.

ശ്രീ ഗുരുവായൂരപ്പൻ കോളേജിലെ ഇക്കണോമിക്സ് പ്രൊഫസറും സംഘടനയിലെ ഒരു സജീവാംഗവുമായിരുന്ന പ്രൊഫ. പി. കെ. ശരത്കുമാറിൻെറ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് പ്രവർത്തകസമിതി യോഗം ആരംഭിച്ചത്.

സംയുക്ത സമരസമിതിയുടെ പ്രവർത്തനങ്ങൾ സമരസമിതി ചെയർമാൻ പ്രൊഫ. ആർ. ആർ. സി. നായർ റിപ്പോർട്ട് ചെയ്തു. സമരസമിതിയുമായുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ ഗവ: നടപ്പാക്കാത്തതിൽ അംഗങ്ങൾ അമർഷം രേഖപ്പെടുത്തി. വ്യവസ്ഥകൾ നടപ്പിലാക്കി കിട്ടുന്നതിനു വേണ്ടി ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു. ആഗസ്ററ് 24–ന് സെക്രട്ടറിയേററ് നടയിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ധർണക്ക് ശേഷം കൂടുന്ന പ്രവർത്തകസമിതി ഭാവിപരിപാടികൾ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ പ്രവർത്തകസമിതി ബ്രാഞ്ചു സെക്രട്ടറിമാരോട് അഭ്യർത്ഥിച്ചു. ആഗസ്റ്റ് 31–നകമായി മെമ്പർഷിപ്പ് ഫീസ് ശേഖരിച്ച് ട്രഷററുടെ പേർക്ക് അയച്ചുകൊടുക്കണം. ജില്ലാ സെക്രട്ടറിമാർ ഓണം അവധി ആരംഭിക്കുന്നതിന് മുമ്പായിത്തന്നെ എല്ലാ യൂണിററുകളും സന്ദർശിച്ച് മെമ്പർഷിപ്പ് പ്രവർത്തനം വിജയിപ്പിക്കുന്നതിന് ബ്രാഞ്ചു സെക്രട്ടറിമാരെ സഹായിക്കേണ്ടതാണ്. നമ്മുടെ ക്ഷേമനിധിയിൽ കഴിയുന്നത്ര കൂടുതലാളുകളെ ചേർക്കുന്ന കാര്യത്തിലും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

സംഘടന ഇന്ന് സാമ്പത്തികമായി ഞെരുക്കത്തിലാണ്. സമരം സംബന്ധിച്ച് വളരെയധികം ചെലവുകളുണ്ടായി. എന്നാൽ, സമരഫണ്ട് കാര്യമായി പിരിഞ്ഞിട്ടുമില്ല. സമരഫണ്ട് കുടിശികയുള്ള യൂണിററുകൾ കുടിശികത്തുക പിരിച്ച് അടിയന്തിരമായി ട്രഷററുടെ പേർക്ക് അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സമരത്തിൽ പങ്കെടുത്തവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാത്ത യൂണിററുകൾ വിവരം ഉടനെ അയച്ചുതരണം. സർക്കാരുമായുള്ള ചർച്ചകൾക്ക് ഈ വിവരം വളരെ അത്യാവശ്യമാണ്.

പ്രവർത്തകസമിതിയിലേക്ക് കോഴിക്കോട് സർവകലാശാല സിൻഡിക്കേററ് അംഗങ്ങളായ പ്രൊഫ. ആർ. ആർ. സി. നായർ, പ്രൊഫ. വി. നാരായണൻകുട്ടി, കേരള സർവകലാശാല സിൻഡിക്കേററ് അംഗമായ പ്രൊഫ. ടി ഗോപാലകൃഷ്ണൻ, എ. കെ. പി സി. ടി. എ. ജേർണലിൻെറ പത്രാധിപർ ശ്രീ. വി. എൻ. മുരളി എന്നിവരെ നോമിനേററ് ചെയ്യുന്നതിന് പ്രവർത്തകസമിതി തീരുമാനിച്ചു.

അദ്ധ്യാപക സർവീസ് സംഘടനകൾ വളരെക്കാലമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന ബോണസ് എന്ന ആവശ്യം ഗവ: നിരാകരിച്ചതിൽ യോഗം അമർഷം രേഖപ്പെടുത്തി. മാററിവയ്ക്കപ്പെട്ട വേതനമെന്നുള്ള നിലയിൽ ബോണസ് കോളേജ് അദ്ധ്യാപകരുൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും ഉടൻ നൽകണമെന്നും പ്രവർത്തകസമിതി ഗവ:നോട് ആവശ്യപ്പെട്ടു.

സെപ്തംബർ മൂന്നാം തീയതി ഇൻഡ്യയിലെ തൊഴിലാളിവർഗം പണിമുടക്ക് നിരോധന ഓർഡിനൻസിനെതിരായി നടത്തുന്ന പണിമുടക്കിന് യോഗം പിന്തുണ പ്രഖ്യാപിച്ചു.

(ശേഷം 23–ാംപേജിൽ)

# സ്ഥലംമാററം

## വിദ്യാഭ്യാസമന്ത്രിയുമായി ചർച്ച

കോർപ്പറേററ് മാനേജ്ജുമെൻറുകളിൽ നിരന്തരം നടന്നുവരുന്ന സ്ഥലംമാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡമുണ്ടാക്കുന്നതിനു വേണ്ടി, മാനേജുമെൻറിൻെറയും അധ്യാപക സംഘടനകളുടേയും പ്രതിനിധികളുമായി സെപ്ററംബർ 5-ാം തീയതി വിദ്യാഭ്യാസ മന്ത്രി ചർച്ചകൾ നടത്തി. ഇന്ന് വളരെ ഗുരുതരമായിരിക്കുന്ന സ്ഥലംമാററ പ്രശ്നം, യൂണിവേഴ്സിററി നിയമത്തിലെ 64-ാം വകുപ്പ്, സംഘടന നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയോടെ, നടപ്പിലാക്കുന്നതോടെ മാത്രമേ പരിഹരിക്കാനാകൂ എന്ന് എ. കെ. പി. സി. ടി. എ. പ്രതിനിധികൾ അഭിപ്രായപ്പെട്ടു. ഒരു യൂണിവേഴ്സിററിയുടെ പരിധിയിൽ നിന്നും മറെറാരു യൂണിവേഴ്സിററിയുടെ പരിധിയിലേയ്ക്ക് ഇന്നു നടക്കുന്ന സ്ഥലംമാററങ്ങൾക്ക് അങ്ങനെ മാത്രമെ ശാശ്വത പരിഹാരമുണ്ടാക്കുവാൻ കഴിയൂ. അതോടൊപ്പം ഒരു യൂണിവേഴ്സിററിയുടെ പരിധിക്കകത്തുനടക്കുന്ന സ്ഥലം മാററങ്ങൾക്കും വ്യക്തമായ മാനദണ്ഡമുണ്ടാക്കണം.

സംഘടനാപ്രവർത്തകരായ അധ്യാപകരെ അസൗകര്യമായ സ്ഥലങ്ങളിലേയ്ക്ക് മാററുന്ന ഏർപ്പാട് മാനേജുമെൻറുകൾ തുടർന്നു പോരുന്നുണ്ടെന്നും ഇതിനൊരു ശാശ്വത പരിഹാരം കാണാൻ ആത്മാർത്ഥമായ ശ്രമമാണ് ഗവൺമെൻറ് കോൺഫറൻസിലൂടെ നടത്തുന്നതെന്നും വിദ്യാഭ്യാസ മന്ത്രി പ്രസ്താവിച്ചു. വ്യക്തമായ മാനദണ്ഡം ചർച്ചയിലൂടെ ഉണ്ടാകുന്നില്ലെങ്കിൽ 64-ാം വകുപ്പു നടപ്പിലാക്കുന്നകാര്യം ഗൗരവപൂർവ്വംതന്നെ സർക്കാർ പരിഗണിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

കോർപ്പറേററു മാനേജുമെൻറുകളുടെയെല്ലാം പ്രതിനിധികളടങ്ങിയ യോഗമാണ് സെപ്തബർ 5-ാം തീയതി നടന്നത്. താമസിയാതെ ഓരോ മാനേജുമെൻറും അധ്യാപക സംഘടനാ പ്രതിനിധികളും മന്ത്രിയുടെ സാന്നിധ്യത്തിൽ പ്രത്യേകം പ്രത്യേകമായി യോഗം ചേർന്ന് ട്രാൻസ്ഫർ പ്രശ്നം ചർച്ച ചെയ്യുന്നതാണ്. വിദ്യാഭ്യാസമന്ത്രി വിളിച്ചു കൂട്ടിയ ചർച്ചയിൽ എ. കെ. പി. സി. ടി. എ. യെ പ്രതിനിധീകരിച്ച് പ്രൊഫ. ആർ. ആർ സി നായർ, പ്രൊഫ. പി. രവീന്ദ്രനാഥ്, പ്രൊഫ. എൻ. എം. ജോസഫ്, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു. ○

## ജൂനിയർ ലക്ചറർമാരുടെ ശമ്പളപ്രശ്നം ഉടൻ പരിഹരിക്കണം.

നിയമനം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ശമ്പളം ലഭിക്കാതെ ബുദ്ധിമുട്ടുന്ന ജൂനിയർ ലക്ചററ്മാരുടെ പ്രശ്നത്തിൽ സർക്കാർ ഉടൻ ഇടപെടണമെന്ന് എ. കെ. പി. സി. ടി. എ ആവശ്യപ്പെട്ടു. എസ്. എൻ - എൻ. എസ്. എസ്. മാനേജ്മെൻറുകളിലാണ് ഇത്തരം അധ്യാപകർ എറെയുള്ളത്. സാങ്കേതികത്വത്തിൻെറ നൂലാമാലകളിൽ കുരുങ്ങി അപ്രൂവൽ കിട്ടാത്തതിൻെറ പേരിൽ മൂന്നും നാലും വർഷം കഴിഞ്ഞിട്ടും ഈ അധ്യാപകർക്ക് ശമ്പളം ലഭിച്ചിട്ടില്ല. ഈ പ്രശ്നം എത്രയും പെട്ടെന്നു പരിഹരിക്കപ്പെടുന്നില്ലെങ്കിൽ പ്രത്യക്ഷ സമരപരിപാടികളിലേയ്ക്കു നീങ്ങുന്നതാണെന്നും സംഘടന ഗവൺമെൻറിന് മുന്നറിയിപ്പു നൽകി.

## വി. ആർ. എസ്. ദിനം ആചരിച്ചു

പ്രൈവററ്കോളേജ് അധ്യാപകരുടെ സംഘടിതപ്രസ്ഥാനമായി എ. കെ. പി. സി. ടി. എ. വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ള പ്രൊഫ. വി. ആർ. സുബ്രഹ്മണ്യത്തിൻെറ രണ്ടാം ചരമവാർഷികം വിവിധ പ്രാഞ്ചുകൾ സമുചിതമായി ആചരിച്ചു.

തൃശൂർ സെൻറ്തോമസ് കോളേജിൽ നടന്ന യോഗത്തിൽ പ്രൊഫ. കെ ടി വർഗീസ് അധ്യക്ഷതവഹിച്ചു പ്രൊഫ. വി. ആർ. എസ്സിൻെറ സേവനങ്ങളും പ്രവർത്തനശൈലിയും അനുസ്മരിച്ചുകൊണ്ട് പ്രൊഫ. എൻ. കൈലാസം സംസാരിച്ചു. പി. എ. അന്തപ്പൻ യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു.

1980–81 അദ്ധ്യയനവർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ സംഘടനാപ്രവർത്തനം പലതുകൊണ്ടും ശ്രദ്ധേയമായിരുന്നു. തലസ്ഥാനനഗരിയായതുകൊണ്ട് നമ്മുടെ സംഘടന സംസ്ഥാനവ്യാപകമായി നടത്തുന്ന പ്രക്ഷോഭസമരങ്ങളുടെ കേന്ദ്രബിന്ദു തിരുവനന്തപുരം ജില്ലയാണ്. അതുകൊണ്ടുതന്നെ തിരുവനന്തപുരത്തിന് ആതിഥേയജില്ലയുടെ സ്ഥാനവും ഭാരിച്ച ഉത്തരവാദിത്വവുമുണ്ട്. ജില്ലയിലെ പ്രവർത്തകരുടെ ആത്മാർത്ഥതയും അർപ്പണഭാവവും പ്രകടിപ്പിക്കേണ്ട ബാദ്ധ്യതയും മററു ജില്ലകളെ അപേക്ഷിച്ച് വർദ്ധിച്ചതാണ്. റിപ്പോർട്ടുവർഷത്തിൽ ഈ അർപ്പണഭാവത്തിലും ആത്മാർത്ഥതയിലും തിരുവനന്തപുരം ജില്ലയിലെ പ്രവർത്തകർ മററു ജില്ലകൾക്കുമാതൃകയായി പ്രവർത്തിച്ചു എന്നുപറഞ്ഞാൽ അത് അതിശയോക്തിയോ അത്യുക്തിയോ ആവുകയില്ല.

മുരളി തുടങ്ങിയവർ ഓണക്കൂറിന് ആശംസകളർപ്പിച്ചു. ജില്ലാ സെക്രട്ടറി യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം പറഞ്ഞു. പ്രൊഫ. കെ. വി. ആൻറണി നന്ദിരേഖപ്പെടുത്തി.

കോർപ്പറേററ് മാനേജുമെൻറുകളിൽ പ്രവർത്തിയെടുക്കുന്ന കോളേജധ്യാപകരുടെ സ്ഥലംമാററങ്ങൾക്ക് ഉചിതമായ തത്വങ്ങൾ ആവിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേററുപടിക്കൽ നടത്തിയ ധർണയിലും, എസ്. എൻ. കോ-ഓർഡിനേഷൻെറ ആഭിമുഖ്യത്തിൽ എസ്. എൻ. ട്രസ്ററ് ഓഫീസിൻെറ മുൻപിൽ നടത്തിയ ധർണയിലും ജില്ലയിലെ ധാരാളം പ്രവർത്തകർ പങ്കെടുത്തു.

സംയുക്തസമരസമിതിയുടെ ആഭിമുഖ്യത്തിലും എ. കെ. ജി. സി. ററി. യുടെ ആഭിമുഖ്യത്തിലും സെക്രട്ടറിയേററ് പടി

# പുതിയ പ്രവർത്തനശൈലി ജില്ലകളിൽ

## തിരുവനന്തപുരം ജില്ല

പ്രൊഫ. ആർ. രവീന്ദ്രൻനായർ

കേരള–കോഴിക്കോട് സർവകലാശാലാ സമിതികളിലെ എ. കെ. പി. സി. ടി. എ. അംഗങ്ങൾക്കു സ്വീകരണം നൽകിക്കൊണ്ടാണ് ജില്ലാ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്. സ്ററുഡൻസ് സെൻററിൽവെച്ചു നടന്ന സ്വീകരണയോഗത്തിൽ ഇരു സർവകലാശാലാ സമിതികളിലേയും എ. കെ പി. സി. ടി. എ. പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

നമ്മുടെ സംഘടനയിലെ ഒരു സജീവാംഗമായ പ്രൊഫ. ജോർജ് ഓണക്കൂറിൻെറ 'ഇല്ലം' എന്ന നോവലിന് കേരളസാഹിത്യ അക്കാദമി അവാർഡ് സമ്മാനിച്ചു. ജില്ലാ കൗൺസിൽ പ്രൊഫ. ഓണക്കൂറിന് ഊഷ്മളമായ അനുമോദനം നൽകി. അനുമോദന യോഗത്തിൽ കേരളസർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. വി. കെ സുകുമാരൻനായർ, പ്രൊഫ. ഓമനക്കുട്ടി, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, ശ്രീ. വി. എൻ.

ക്കൽ നടത്തിയ ധർണകളിൽ ജില്ലാപ്രവർത്തകരുടെ സജീവപങ്കാളിത്തമുണ്ടായിരുന്നു.

എൽ. ഐ. സി, കെൽട്രോൺ, കെ. എഫ്. സി. എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ നടത്തിയ സമരങ്ങളിൽ അഭിവാദ്യങ്ങളർപ്പിക്കയും അവരുടെ സമരപരിപാടികളിൽ സഹകരിക്കുകയും ചെയ്തു. ഇതര സർവീസ് സംഘടനകളുമായി ബന്ധം പുലർത്താനും പരസ്പര സഹകരണമനോഭാവം വളർത്തിയെടുക്കാനും ജില്ലാ കൗൺസിലിന് കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. ജീപ്പ് ജാഥയിലും പ്രകടനത്തിലും തുടർന്നു നടന്ന പണിമുടക്കത്തിലും ഈ സർവീസ് സംഘടനകളുടെ സഹായവും സഹകരണവും നേടാൻ കഴിഞ്ഞത് തിരുവനന്തപുരം ജില്ലാ കൗൺസിലിൻെറ ഊർജസ്വലമായ പ്രവർത്തനത്തെ വിളിച്ചറിയിക്കുന്നു.

കോളേജധ്യാപക സംയുക്തസമരസമി

(ശേഷം 19–ാംപേജിൽ)

# ആഗസ്ററ് 9-ന് തിരുവനന്തപുരത്തു കൂടിയ കേരള സംസ്ഥാന ഐക്യട്രേഡു യൂണിയൻ കൺവൻഷൻ അംഗീകരിച്ച

# പ്രമേയം

ജൂലൈ 27—ന് അവശ്യസർവീസ് സംരക്ഷണ ഓർഡിനൻസ് എന്ന പേരിൽ കേന്ദ്രഗവൺമെൻറ് ഒരു ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നു. ലോകസഭയുടെ ജൂലൈ സമ്മേളനം വേണ്ടെന്നുവച്ചതുതന്നെ ഇപ്രകാരം ഒരു ഓർഡിനൻസ് കൊണ്ടുവരാൻ വേണ്ടിയായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായി.

ഇന്ത്യയിലെ തൊഴിലാളികളുടേയും ജീവനക്കാരുടേയും ജനാധിപത്യാവകാശങ്ങളിന്മേലുള്ള പുതിയൊരാക്രമണമാണ് ഈ കരിനിയമത്തിലൂടെ കേന്ദ്രഗവൺമെൻറ് നടത്തിയിരിക്കുന്നത്. ഈ ആക്രമണം ജനങ്ങളുടെ ജനാധിപത്യ സ്വാതന്ത്ര്യങ്ങൾക്കും പാർലമെൻററി ജനാധിപത്യത്തിനും എതിരായ മറെറാരു കാൽവയ്പാണ്. ഇത് ഏകാധിപത്യത്തിലേയ്ക്കുള്ള നീക്കത്തിന് ഭരണകക്ഷി എടുത്തിട്ടുള്ള സുപ്രധാനമായ ഒരു നടപടിയാണ്.

അവശ്യസർവ്വീസുകളിൽ മാത്രമാണ് പണിമുടക്കു നിരോധിക്കുന്നത് എന്ന് പ്രചരിപ്പിച്ചുകൊണ്ട് ഈ കരിനിയമത്തിൻെറ വ്യാപ്തി കുറച്ചുകാണിക്കുവാനുള്ള ശ്രമം ബോധപൂർവം ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നു. മാത്രമല്ല കേന്ദ്രതൊഴിൽമന്ത്രി ഈ നിയമം തീരെ നിവർത്തിയില്ലാത്ത സാഹചര്യങ്ങളിലല്ലാതെ ഉപയോഗിക്കാൻ പോകുന്നില്ലെന്ന പ്രസ്താവനയുമിറക്കിയിട്ടുണ്ട്.

എന്നാൽ ഇതിനുമുൻപ് പണിമുടക്കു നിരോധിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള എല്ലാ നിയമങ്ങളെക്കാളും വ്യാപ്തിയുള്ളതാണ് ഈ കരിനിയമം. 'അവശ്യസർവീസ്' എന്നതിനു നൽകിയിട്ടുള്ള നിർവ്വചനവും പണിമുടക്കിന് നൽകിയിട്ടുള്ള നിർവചനവും നോക്കിയാൽ ഇതു വ്യക്തമാകും.

അവശ്യസർവ്വീസ് നിർവ്വചിക്കുന്നതിലൂടെ സ്വകാര്യ പൊതുമേഖലാ വ്യത്യാസമില്ലാതെ തൊഴിലാളി തൊഴിലുടമാ ബന്ധങ്ങളുള്ള എല്ലാ മേഖലകളെയും അവശ്യസർവ്വീസായി കേന്ദ്രഗവൺമെൻറിനു പ്രഖ്യാപിക്കാൻ കഴിയുംവിധത്തിലാണ് അതു നിർവ്വചിച്ചിട്ടുള്ളത്.

പണിമുടക്കിൻെറ നിർവ്വചനമാകട്ടെ തൊഴിൽ തർക്കനിയമത്തിലേതിനു വ്യത്യസ്തമായി ഉൽപാദനത്തിനു തടസ്സമോ മാന്ദ്യമോ സൃഷ്ടിക്കുന്ന ഏതൊരു പെരുമാററത്തെയും പണിമുടക്കായി പ്രഖ്യാപിക്കാൻ ഗവൺമെൻറിനു അവസരം നൽകുന്നു. അവശ്യസർവ്വീസിൻെറ നിർവഹണത്തിന് ഓവർടൈം നൽകണമെന്ന് ആവശ്യപ്പെട്ടതു നിഷേധിച്ചാൽ പണിമുടക്കായി.

അവശ്യസർവീസിൽ നിയമ വിരുദ്ധമായി പ്രഖ്യാപിച്ച പണിമുടക്കിൽ പങ്കെടുക്കുന്ന തൊഴിലാളിയെ വാറൻറില്ലാതെ അറസ്ററ് ചെയ്യാനും ക്രിമിനൽ പ്രൊസീജിയർ കോടിലെ വ്യവസ്ഥകൾക്കു വിപരീതമായി സമ്മറി വിചാരണനടത്തി ശിക്ഷിക്കാനും ഈ കരിനിയമത്തിൽ വ്യവസ്ഥയുണ്ട്. കുററം ചെയ്ത തൊഴിലാളികൾക്ക് ആറുമാസം തടവോ, ആയിരം രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷനൽകാനും ജോലിയിൽനിന്നും പിരിച്ചുവിടാനും എല്ലാമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ് ഈ കരിനിയമം.

പണിമുടക്കിനു പ്രേരിപ്പിക്കുന്നവർക്ക് ഒരു കൊല്ലം തടവോ 2000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാൻ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. പണിമുടക്കിനു സാമ്പത്തികമായോ മററു വിധത്തിലോ സഹായങ്ങൾ ചെയ്യുന്നവർക്കും ഇതേ ശിക്ഷതന്നെ കൽപിച്ചിട്ടുണ്ട്.

(ശേഷം 21—ാംപേജിൽ)

(Contd. Page 10)

TABLE–1

Number of Educational Institutions in India in 1978-79

| Type of Educational Institutions | Number of Educational Institutions |
|---|---|
| Primary Schools | 474,630 |
| Middle Schools | 112,404 |
| Secondary/Higher Secondary Schools | 47,104 |
| Colleges including Post-groduateColleges | 4,460 |
| Universities including Deemed Universities | 108 |
| Total | 638,706 |

**Source** : 'Fourth All India Educational Survey' published by NCERT, July 1980.
and
**U. G. C.**—Report for the year 1978-79.

**TABLE-2**

Enrolment of students in primary and secondary schools
(1978)

| Classes where enrolled | Number of students |
|---|---|
| Classes I to V | 52,534,367 |
| Class VI to VIII | 17,476,281 |
| Class IX to X | 8,505,230 |
| Total number of students enrolled at schools | 78,515,878 |

**Sources** : 'Fourth All India Educational Survey' pudlished by-National Council of Educational Research and Training, July 1980.

**TABLE-3**

Student enrolment in Higher Education

| Classes where enrolled | Number of students |
|---|---|
| Graduate | 2,294,785 |
| Post–graduate | 249,528 |
| Research | 30,078 |
| Diploma/Certificate | 43,837 |
| Total student enrolment in higher education | 2,618,228 |

Source:—University Grants Commission Report for the year–1978-79.

## TABLE-4

Number of Teachers at various levels of Educational Institutions in 1978-79.

| Type of Institutions where serving | Number of Teachers |
|---|---|
| Primary Schools | 1,287,499 |
| Middle Schools | 824,559 |
| Secondary Schools | 550,097 |
| Higher Secondary Schools | 288,182 |
| Affiliated Colleges | 142,824 a |
| University Colleges | 10,353 b |
| University Departments | 28,482, c |
| Total | 3,121,996 |

Source :-'Fourth All India Eductional survey' published by NCERT, July, 1980 and Annual Report for 1978-79.

(a) Includes 10,556 Tutors and Demonstrators.

(b) Includes 1, 151 Tutors and Demonstrators.

(c) Includes 1, 592 Tutors and Demonstrators.

## TABLE-5

Classification of Schools according to management

| TYPE OF MANAGEMENT | TYPE OF SCHOOLS 1 Primary Schools | 2 Middle Schools | 3 Secondary/Higher Secondary Schools | 4 Total |
|---|---|---|---|---|
| Govt. | 184,900 | 45,306 | 14,388 | 2,44,594 |
| Local Body | 261,196 | 42,858 | 4,103 | 308,157 |
| Private aided | 20,982 | 18,997 | 26,991 | 66,970 |
| Private unaided | 7,558 | 5,243 | 1,672 | 14,473 |
| Total | 474,636 | 112,404 | 47,104 | 634,194 |

Source :—'Fourth All India Educational Survey' published by NCERT, July, 1980.

(*Contd. from Page 8*)

34. (ii) Dr. K. V. Paulose, Professor, U. C. College, Alwaye

35. (iii) I. M. Scaria, Professor, Mar Ivanios College, Trivandrum

36. (iv) Joseph, T. Puthenpura, Professor, Nirmala College, Muvattupuzha

(b) POST-GRADUATE

37. (i) Koshy Abraham, Professor, Marthoma College, Thiruvalla

38. (ii) K. G. K. Pillai, Professor, S D College, Alleppey.

(11) Zoology

(a) PASS

39. (i) C. M. Mathew, Professor, Baselius College, Kottayam

40. (ii) K. M. Soman, Professor, D B College, Thalayolaparambu

41. (iii) K. Bhaskara Kurup, Professor, N S S College, Pandalam

42. (iv) Thomas Abraham, Professor, St. Thomas College, Kozhencherry

(b) POST-GRADUATE

43. (i) T. M. Joseph, Professor, St. Thomas College, Kozhenchery

44. (ii) N. Santhakumar, Professor, S N College, Quilon

45. (iii) K. P. Sebastian, Professor, Mar Ivanios College, Trivandrum

(12) Statistics

(a) PASS

46. (i) K. R. Prabhakaran Nair, Professor, V T M N S S College, Dhanuvachapuram

47. (ii) N. Gopalakrishnan Nair, Professor, S N College, Quilon

48. (iii) S. Gopalakrishna Pillai, Professor. D B College, Sasthamcottah

49. (iv) A. G. Sreedhara Panicker, Professor, N S S College, Pandalam

50. (v) C. Kochumman, Professor, St. Thomas College, Thiruvalla

(b) POST-GRADUATE

51. (i) K. Ramakrishna Pillai, Professor St. Thomas College, Palai

(13) Home Science

(a) PASS

52. (i) L. Padmakumary, Professor, N S S College for Women, Karamana

53. (ii) K. Indira, Professor, S N College for Women, Quilon

(b) POST-GRADUATE

54. (i) A. Rema Bai, Professor, S N College for Women, Quilon

55. (ii) Zarina Abdul Hussain, Professor S N College for Women, Quilon

(14) Sanskrit

(a) PASS

56. (i) P. Balakrishnan Nair, Professor, S H College, Thevara

57. (ii) K. V. Dev, Professor, S N College, Quilon

58. (iii) K. G. Raman Pillai, Professor, M G College, Trivandrum

59. (iv) N. Gopidas, Lecturer,
S N College, Sivagiri, Varkala

(15) Malayalam

(a) PASS

60. (i) S. K. Vasanthan, Professor,
S S College, Kalady

61. (ii) S. Meerakutty, Professor,
T K M College of Arts and Science, Quilon

(b) POST-GRADUATE

62. (i) V. Gopinathan, Professor,
S N College, Quilon

63. (ii) Dr. N. R. Gopinatha Pillai,
Professor, S N College,
Sherthallai

64. (iii) K. Kumaran Nair, Professor,
Catholicate College,
Pathanamthitta

(16) Hindi

(a) PASS

65. (i) M. K. Sukumaran Nair, Professor
C M S College, Kottayam

66. (ii) Dr. Ramalingom, Professor,
S D College, Alleppey

67. (rii) P. U. Uthup, Professor,
Baselius College, Kottayam.

(b) POST-GRADUATE

68. (i) G. Krishnan Nair, Professor,
St. Thomas College, Palai

69. (ii) K. Thankappan Nair, Professor,
Catholicate College,
Pathanamthitta

(17) Commerce

(a) PASS

70. (i) K. Gopala Pillai, Professor,
N S S College, Sherthallai

71. (ii) S. Sivan, Professor,
S N College, Punalur

72. (iii) N. M. Paulose, Professor,
Nirmala College, Muvattupuzha

(b) POST-GRADUATE

73. (i) C. K. Bharatha Varma, Professor,
S D College, Alleppey

74. (ii) Jacob, P. Mathew, Professor,
S N College, Quilon

75. (iii) C. J. George, Professor,
S N College, Thevara

76. (iv) R. Ramachandran Nair,
Professor, N S S College,
Manjeri

(18) Vocational Subjects

77. (i) Jose Paul, Professor,
St. Alberts' College,
Ernakulam

78. (ii) M. C. Jacob, Professor,
Baselius College, Kottayam.

□

## എൻഡോവ്മെൻറ്

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് അധ്യാപകനായിരിക്കെ നിര്യാതനായ പ്രൊഫ. പി. കെ. മാത്യുവിൻെറ സ്മരണ നിലനിർത്തുന്നതിന് അദ്ദേഹത്തിൻെറ പേരിൽ ഒരു എൻഡോവ്മെൻറ് ഏർപ്പെടുത്തുവാൻ കോളേജിലെ കെമിസ്ട്രി അധ്യാപകർ തീരുമാനിച്ചിരിക്കുന്നു. കേരളത്തിലെ വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്ന അദ്ദേഹത്തിൻ ശിഷ്യന്മാർ ഈ സംരംഭവുമായി സഹകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

'പ്രൊഫ. എം. എം. ചാണ്ടി, കൺവീനർ, 'പ്രൊഫ. പി. കെ. മാത്യു എൻഡോവ്മെൻറ് കമ്മിററി', ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട എന്ന വിലാസത്തിൽ സംഭാവനകൾ അയച്ചു കൊടുത്ത് ഈ സംരംഭം വിജയിപ്പിക്കണമെന്ന് എ. കെ. പി. സി. ടി. എ. ജില്ലാ സെക്രട്ടറി പ്രൊഫ. ടി. വി. ജയിംസ് അറിയിയ്ക്കുന്നു.

(13–ാംപേജിൻെറ തുടർച്ച)

തിയുടെ ആഭിമുഖ്യത്തിൽ പണിമുടക്കുസമരത്തിൻെറ മുന്നോടിയായി നടത്തിയ ജീപ്പുജാഥയ്ക്ക് തിരുവനന്തപുരം ജില്ലയിൽ വൻപിച്ച സ്വീകരണം ലഭിക്കുകയുണ്ടായി. കോളേജധ്യാപകർ മാത്രമല്ല, ഇതര സർവീസ് സംഘടനാട്രേഡ് യൂണിയൻ പ്രതിനിധികളും ജാഥയെ നോട്ടുമാലയിട്ടു സ്വീകരിച്ചു. ജീപ്പു ജാഥയ്ക്ക് ആവേശകരമായ സ്വീകരണം നൽകുന്നതിനും സമരത്തിനാസ്പദമായ കാരണങ്ങൾ പൊതുജനങ്ങൾക്ക് വിവരിച്ചു കൊടുക്കുന്നതിനും മററുമായി ശ്രീമാൻ എസ്. എസ്. പോററി, (എൽ. ഐ. സി.) കെ. എൻ. ദേവദാസ് (കെ.ജി.ററി.എ) എന്നിവർ കൺവീനർമാരായി ഒരു സമരസഹായസമിതി രൂപീകരിച്ചിരുന്നു. ഇവരുടെ സഹകരണവും ജില്ലയിലെ സർക്കാർസ്വകാര്യ കോളേജധ്യാപകരുടെ ചൈതന്യവത്തായ പ്രവർത്തനവും കൊണ്ട് ജീപ്പുജാഥയ്ക്ക് വികാരോജ്വലമായ വരവേൽപ്പാണ് ലഭിച്ചത്. ഏററവും കൂടുതൽ നോട്ടുമാലകകളും പൊതു സ്വീകരണങ്ങളും ലഭിച്ചത് തിരുവനന്തപുരം ജില്ലയിൽ നിന്നാണെന്നുള്ളത് ജില്ലാ പ്രവർത്തകർക്ക് ഏറെ സന്തോഷമുണ്ടാക്കി.

ജനുവരി 24 നു നടന്ന പ്രകടനം ചിട്ടയോടെ സംഘടിപ്പിക്കുന്നതിലും സർവീസ് സംഘടനാ ട്രേഡ് യൂണിയനുകളുടെ സഹകരണം നേടുന്നതിലും മാത്രമല്ല, ഏററവും കൂടുതൽ പ്രവർത്തകരെ പ്രകടനത്തിൽ അണിനിരത്തുന്നതിലും ഈ ജില്ല വിജയിച്ചു എന്നത് തികച്ചും അഭിമാനകരമാണ്.

പണിമുടക്കു സമരം ജില്ലയിലെ ഒരു വനിതാ കോളേജൊഴിച്ച് എല്ലാ കോളേജുകളിലും ഫെബ്രുവരി 4 നു തന്നെ ആരംഭിച്ചു. പണിമുടക്കം 10 ദിവസം കഴിഞ്ഞപ്പോൾ മുതൽ വനിതാ കോളേജുൾപ്പെടെയുള്ള കോളേജുകൾ പണിമുടക്കുകയും കലാശാലകൾ സ്തംഭിക്കുകയും ചെയ്തു. പണിമുടക്കത്തിനോടനുബന്ധിച്ച് തലസ്ഥാനനഗരിയിൽ പന്തം കൊളുത്തി പ്രകടനം ഉൾപ്പെടെ 6 പ്രകടനങ്ങളും ഒരു കൂട്ടധർണയും നടത്തുകയുണ്ടായി. പ്രകടനങ്ങളിലും ധർണയിലും അദ്ധ്യാപികമാരും ഉണ്ടായിരുന്നു എന്നുള്ളത് ഒരു പ്രത്യേകതയാണ്.

കേന്ദ്രസമരസമിതിയുടെ ആഫീസ് തിരുവനന്തപുരത്തായിരുന്നു എന്നതും അതിൻെറ പൂർണ്ണമായ ഉത്തരവാദിത്വം ജില്ലാ പ്രവർത്തകർക്കായിരുന്നു എന്നതും പ്രസ്താവ്യമാണ്. സമരസംബന്ധമായ എല്ലാ വിവരങ്ങളും ശേഖരിക്കുന്നതിനും അവ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും ജില്ലാ പ്രവർത്തകർ തികഞ്ഞ ഉത്തരവാദിത്വവും ഉത്സാഹവും കാണിച്ചിരുന്നു. ജില്ലയിലെ പ്രധാന പ്രവർത്തകരെല്ലാം തന്നെ എല്ലാ ദിവസവും യൂണിവേഴ്സിററി കോളേജങ്കണത്തിൽ സമ്മേളിക്കുകയും പരിപാടികൾക്ക് രൂപം നൽകുകയും ചെയ്തിരുന്നു.

ശ്രീ. ആർ. രാഘവൻപിള്ള (എൽ. ഐ. സി) കൺവീനറായി രൂപീകരിച്ച സമരസഹായസമിതിയുടെ സേവനങ്ങൾ വിലപ്പെട്ടവയായിരുന്നു ഈ സമിതിയുടെ ആഭിമുഖ്യത്തിൽ വൻപിച്ച പ്രകടനവും പൊതുയോഗവും സംഘടിപ്പിക്കുകയും പൊതുജനശ്രദ്ധ പിടിച്ചുപററുകയും ചെയ്തു. സമരസഹായസമിതിയിൽ അംഗങ്ങളായ എല്ലാ സംഘടനകൾക്കും വിശിഷ്യ സമിതി കൺവീനർമാർക്കും നന്ദി പറയുവാൻ ഞാനീ അവസരം വിനിയോഗിക്കട്ടെ!

ജില്ലയിലെ സംഘടനാ പ്രവർത്തനത്തിന് നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നൽകിയ ജില്ലാ പ്രസിഡണ്ട് പ്രൊഫ. എൽ. ജി. വർഗീസിനും ജനറൽ സെക്രട്ടറി പ്രൊഫ. മാധവൻനായർക്കും എനിക്കുള്ള നന്ദി നിസീമമാണ്. ജില്ലാ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ഉൽസാഹപൂർവം സഹകരിച്ച ജില്ലയിലെ ഓരോ അംഗത്തിനും വിനീതമെങ്കിലും ഹൃദ്യമായി നന്ദി പറയുവാൻ അനുവദിക്കുക. ○

---

## എ. കെ. പി. സി. ടി. എ. പ്രസിഡൻറിൻെറ മേൽവിലാസം

*P. Ravindranath,*
*X/81,*
*S. M. C.,*
*Sherthallai.*

---

## GOVERNMENT OF KERALA

Abstract

Allowance–Dearness Allowance-Revision of–Orders Issued

FINANCE (P. R. U.) DEPARTMENT

G. O. (P) No. 563/81/Fin. Dated, Trivandrum, 31st August, 1981.

*Read :* 1. G. O. (P) 456/79 (41)/Fin. dated 5-5-1979.
2. G. O. (P) 536/79 (66)/Fin. dated 12-6-1979.
3. G. O. (P) 340/81/Fin. dated 25-5-1981.

### ORDER

Government are pleased to order, that the rates of Dearness Allowance sanctioned in the G. O. read as third paper above will be revised with effect from Ist February, 1981 as shown in the Annexure.

2. In the case of those who remain in the pre-revision (1978) scales of pay, the amount of Dearness Allowance will be calculated as already ordered in the G O. read as second paper above, the rates of Dearness Allowance admissible for increase in the cost of living index beyond 272 points, being replaced by the rates specified in the Annexure to this order.

3. The rates of Dearness Allowance of Part-time teachers and part-time employees sanctioned in the G. O. read as third paper above will also be revised as follows:

| *Categories* | *Existing rate per mensem* | *Revised rate per mensem with effect from 1-2-1981* |
|---|---|---|
| (1) | (2) | (3) |
| | Rs. | Rs. |
| Part-time teachers | 70 | 76 |
| Part-time Contingent Employees whose area of work is below 200 Sq. metres. | 48 | 52 |
| Part-time Contingent Employees whose area of work is 200 Sq. metres and above and also these who were getting a total remuneration of Rs. 136 to Rs. 146 p. m till 30-6-1980 | 55 | 60 |

4. These orders will apply to the full-time State Government employees, staff of Aided Schools, Private Colleges and polytechnics, full-time employees borne on contingency and work charged establishments and employees of local bodies, subject

to the condition that the expenditure on this account in respect of local dodies, will be] met from the funds of the respective local bodies.

5. In the G. O. read as third paper above, the State Service pensioners were allowed Dearnce Allowance at 35% of their pension subject to a minimum of Rs. 35 and a maximum of Rs. 175 per mensem with effect from 1-12-1980. Government are now pleased to order that the State Service Pensioners will be allowed Dearness Allowance at 37.5% of their pension subject to a minimum of Rs. 38 and a maximum of Rs 188 per mensem with effect from 1-2-1981. The increase in Dearness Allowance now allowed will be applicable to the Family Pensioners and such other pensioners to whom the orders contained in the G. O. read as first paper above were extended. While computing the amount of Dearness Allowance on pension as above, fractions below fifty paise will be ignored and fifty paise and above will be rounded off to the nearest full rupee.

6. The minimum pension inclusive of Dearness Allowance will be Rs. 123 and minimum famiiy pension inclusive of Dearness Allowance will be Rs. 98 with effect from 1-2-1981.

By order of the Governor,
S. PADMAKUMAR,
*Commissioner and*
*Special Secretary (Finance).*

*(Annexure-Page 22, 23)*

---

(14–ാം പേജിന്റെ തുടർച്ച)

മററു നിയമങ്ങളിലെന്തെല്ലാം വ്യവസ്ഥകൾ ഇതിനു വിപരീതമായി ഉണ്ടെങ്കിലും ഈ നിയമത്തിലെ വ്യവസ്ഥകൾക്കായിരിക്കും പ്രാബല്യമെന്ന് എഴുതിച്ചേർത്തിട്ടുണ്ട്.

അപ്രഖ്യാപിതമായ ഒരടിയന്തിരാവസ്ഥയാണ് ഈ കരിനിയമം വഴി അടിച്ചേൽപ്പിച്ചിരിക്കുന്നത്. ഇത്, തൊഴിലാളികളുടെ സംഘടിക്കാനും പ്രക്ഷോഭം നടത്താനും, പണിമുടക്കാനുമുള്ള ജനാധിപത്യ ആവശ്യങ്ങളുടെനേർക്കുള്ള കടന്നാക്രമണമാണ്. തൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥകൾക്കെതിരായി അവർ നടത്താൻ പോകുന്ന ആക്രമണത്തിനു മുന്നോടിയാണിത്.

ഈ കരിനയം ജനങ്ങളുടെ ജനാധിപത്യ സ്വാതന്ത്ര്യങ്ങൾക്കും പാർലമെൻററി ഭരണസമ്പ്രദായത്തിനുമെതിരായ ഒരു നടപടികൂടിയാണ്. കേന്ദ്രത്തിലെ ഭരണകക്ഷി അവരുടെ ഏകകക്ഷി ഏകാധിപത്യവ്യവസ്ഥ സ്ഥാപിക്കുന്നതിലേക്കെടുത്തിട്ടുള്ള ഒരു കാൽവയ്പ് കൂടിയാണ്.

ജനാധിപത്യത്തിനെതിരായ ഈ കയ്യേററത്തിനെതിരെ മററുരെക്കാളും മുൻപന്തിയിൽ വരേണ്ടത് തൊഴിലാളിവർഗത്തിന്റെ കടമയാണ്.

ഈ കരിനിയമം ഉടനടി പിൻവലിക്കണമെന്ന് ട്രേഡ് യൂണിയനുകളുടെ ഈ ഐക്യകൺവെൻഷൻ കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെടുന്നു. ഇതിനുവേണ്ടി രാജ്യവ്യാപകമായ പ്രക്ഷോഭസമരങ്ങൾ സംഘടിപ്പിക്കാനും തൊഴിലാളികൾ, ജീവനക്കാർ, അധ്യാപകർ, കർഷകത്തൊഴിലാളികൾ തുടങ്ങി എല്ലാത്തൊഴിലെടുക്കുന്നവരോടും അവരുടെ സംഘടനകളോടും ഈ കൺവെൻഷൻ അഭ്യർത്ഥിക്കുന്നു.

ഈ കരിനിയമത്തിനെതിരായി ആദ്യത്തെ പ്രഹരമെന്നനിലയ്ക്ക് വരുന്ന സെപ്ററംബർ 3 ന് സംസ്ഥാനവ്യാപകമായി ഒരു ദിവസത്തെ പ്രതിഷേധപണിമുടക്കിന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു.

ജനാധിപത്യസ്വാതന്ത്ര്യത്തിനെതിരായുള്ള ഈ കയ്യേററത്തെ എതിർക്കുന്ന മഹാ–പ്രസ്ഥാനത്തിന് എല്ലാ ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയപാർടികളുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. □

# ANNEXURE

| Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-2-1981 | Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-2-1981 | Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-2-1981 | Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-2-1981 |
|---|---|---|---|---|---|---|---|
| (1) | (2) | (1) | (2) | (1) | (2) | (1) | (2) |
| Rs. | Rs. | Rs. | Rs. | Rs. | Rs. | Rs. | Rs. |
| 280–282 | 119 | 363–364 | 154 | 460-462 | 189 | 651-659 | 224 |
| 283–284 | 120 | 365–367 | 155 | 463-464 | 190 | 660-667 | 225 |
| 285–287 | 121 | 368–370 | 156 | 465-467 | 191 | 668-674 | 226 |
| 288– | 122 | 371– | 157 | 468-470 | 192 | 675-679 | 227 |
| 289–291 | 123 | 372–374 | 158 | 471-473 | 193 | 680-682 | 228 |
| 292–294 | 124 | 375–377 | 159 | 474-475 | 194 | 683-685 | 229 |
| 295–296 | 125 | 378–379 | 160 | 476-478 | 195 | 686-688 | 230 |
| 297–298 | 126 | 380–381 | 161 | 479-481 | 196 | 689-691 | 231 |
| 299–301 | 127 | 382–384 | 162 | 482-484 | 197 | 692-693 | 232 |
| 302–303 | 128 | 385–386 | 163 | 485-487 | 198 | 694-697 | 233 |
| 304–306 | 129 | 387–388 | 164 | 488-489 | 199 | 698-700 | 234 |
| 307– | 130 | 389–390 | 165 | 490-492 | 200 | 701-702 | 235 |
| 308–310 | 131 | 391–393 | 166 | 493-495 | 201 | 703-706 | 236 |
| 311–313 | 132 | 394–396 | 167 | 496-498 | 202 | 707-709 | 237 |
| 314–316 | 133 | 397– | 168 | 499-500 | 203 | 710-712 | 238 |
| 317– | 134 | 398–400 | 169 | 501-503 | 204 | 713-715 | 239 |
| 318–320 | 135 | 401–409 | 170 | 504-506 | 205 | 716-718 | 240 |
| 321–322 | 136 | 410–412 | 171 | 507-511 | 206 | 719-721 | 241 |
| 323–325 | 137 | 413–414 | 172 | 512-519 | 207 | 722-724 | 242 |
| 326– | 138 | 415–417 | 173 | 520-527 | 208 | 725-726 | 243 |
| 327–329 | 139 | 418–420 | 174 | 528-536 | 209 | 727-730 | 244 |
| 330–332 | 140 | 421–423 | 175 | 537-544 | 210 | 731-733 | 245 |
| 333– | 141 | 424–425 | 176 | 545-552 | 211 | 734-735 | 246 |
| 334–336 | 142 | 426–428 | 177 | 553-560 | 212 | 736-739 | 247 |
| 337–339 | 143 | 429–431 | 178 | 561-569 | 213 | 740-742 | 248 |
| 340–341 | 144 | 432–434 | 179 | 570-577 | 214 | 743-744 | 249 |
| 342–343 | 145 | 435–437 | 180 | 578-584 | 215 | 745-748 | 250 |
| 344–346 | 146 | 438–439 | 181 | 585-593 | 216 | 749-751 | 251 |
| 346–348 | 147 | 440–442 | 182 | 594-601 | 217 | 752-753 | 252 |
| 349–351 | 148 | 443–445 | 183 | 602-610 | 218 | 754-757 | 253 |
| 352– | 149 | 446–448 | 184 | 611-617 | 219 | 758-759 | 254 |
| 353–355 | 150 | 449–450 | 185 | 618-626 | 220 | 760-763 | 255 |
| 356–358 | 151 | 451–453 | 186 | 627-634 | 221 | 764-766 | 256 |
| 359–360 | 152 | 454–456 | 187 | 635-643 | 222 | 767-768 | 257 |
| 361–362 | 153 | 457–559 | 188 | 644-650 | 223 | 769-772 | 258 |

| (1) | (2) | (1) | (2) | (1) | (2) | (1) | (2) |
|---|---|---|---|---|---|---|---|
| Rs. | Rs. | Rs. | Rs. | Rs. | Rs. | Rs. | Rs. |
| 773–775 | 259 | 877–879 | 294 | 981–984 | 329 | 1116–1119 | 364 |
| 776–777 | 260 | 880–883 | 295 | 985–987 | 330 | 1120–1123 | 365 |
| 778–781 | 261 | 884–885 | 296 | 988–989 | 331 | 1124–1128 | 366 |
| 782–784 | 262 | 886–888 | 297 | 990–993 | 332 | 1129–1132 | 367 |
| 785–786 | 263 | 889–892 | 298 | 994–996 | 333 | 1133–1135 | 368 |
| 787–790 | 264 | 893–894 | 299 | 997–998 | 334 | 1136–1140 | 369 |
| 791–792 | 265 | 895–897 | 300 | 999–1002 | 335 | 1141–1144 | 370 |
| 793–795 | 266 | 898–900 | 301 | 1003–1005 | 336 | 1145–1148 | 371 |
| 796–799 | 267 | 901–903 | 302 | 1006–1007 | 337 | 1149–1152 | 372 |
| 800–801 | 268 | 904–906 | 303 | 1008–1011 | 338 | 1153–1155 | 373 |
| 802–804 | 269 | 907–909 | 304 | 1012–1013 | 339 | 1156–1159 | 374 |
| 805–808 | 270 | 910–912 | 305 | 1014–1017 | 340 | 1160–1163 | 375 |
| 809–810 | 271 | 913–916 | 306 | 1018–1021 | 341 | 1164–1166 | 376 |
| 811–814 | 272 | 917–918 | 307 | 1022–1026 | 342 | 1167–1170 | 377 |
| 815–817 | 273 | 919–921 | 308 | 1027–1030 | 343 | 1171–1174 | 378 |
| 818-819 | 274 | 922–925 | 309 | 1031–1034 | 344 | 1175–1177 | 379 |
| 820–823 | 275 | 926–927 | 310 | 1035–1039 | 345 | 1178–1181 | 380 |
| 824–826 | 276 | 928–930 | 311 | 1040–1043 | 346 | 1182–1185 | 381 |
| 827–828 | 277 | 931–933 | 312 | 1044–1046 | 347 | 1186–1189 | 382 |
| 829–832 | 278 | 934–936 | 313 | 1047–1052 | 348 | 1190–1192 | 383 |
| 833–834 | 279 | 937–939 | 314 | 1053–1055 | 349 | 1193–1196 | 384 |
| 835-837 | 280 | 940-942 | 315 | 1056-1059 | 350 | 1197-1200 | 385 |
| 838-841 | 281 | 943-945 | 316 | 1060-1064 | 351 | 1201-1203 | 386 |
| 842-843 | 282 | 946-947 | 317 | 1065-1068 | 352 | 1204-1207 | 387 |
| 844-846 | 283 | 948-951 | 318 | 1069 1072 | 353 | 1208-1211 | 388 |
| 847-850 | 284 | 952-954 | 319 | 1073-1077 | 354 | 1212-1215 | 389 |
| 851-852 | 285 | 955-956 | 320 | 1078-1081 | 355 | 1216-1218 | 390 |
| 853-855 | 286 | 957-960 | 321 | 1082-1085 | 356 | 1219-1222 | 391 |
| 856-859 | 287 | 961-963 | 322 | 1086-1090 | 357 | 1223-1226 | 392 |
| 860-861 | 288 | 964-966 | 323 | 1091-1093 | 358 | 1227-1229 | 393 |
| 862-865 | 289 | 967-969 | 324 | 1094-1097 | 359 | 1230-1233 | 394 |
| 866-867 | 290 | 970-972 | 325 | 1098-1102 | 360 | 1234-1237 | 395 |
| 868-870 | 291 | 973-975 | 326 | 1103-1106 | 361 | 1238-1240 | 396 |
| 871-874 | 292 | 976-978 | 327 | 1107-1110 | 362 | 1241-2750 | 397 |
| 875-876 | 293 | 979-980 | 328 | 1111-1115 | 363 | (inclusive) | |

(11–ാം പേജിന്റെ തുടർച്ച)

അലിഗഡ് യൂണിവേഴ്സിററി സോഷ്യൽ സയൻസ് ഡീൻ ആയ പ്രൊഫ. ഇർഫാൻഹബീബിനെ അകാരണമായി സസ്പെൻഡു ചെയ്ത യൂണി: അധികൃതരുടെ നടപടിയിൽ പ്രതിഷേധിക്കുകയും, അദ്ദേഹത്തെ എത്രയും വേഗം തിരിയെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് അലിഗഡ് യൂണിവേഴ്സിററി അധികൃതരോട് അഭ്യർത്ഥിക്കുന്ന പ്രമേയം യോഗം പാസാക്കുകയും ചെയ്തു.

കഴിഞ്ഞ സമരകാലത്തെ ശമ്പളം സംബന്ധിച്ച് അദ്ധ്യാപകർക്കനുകൂലമായി തീരുമാനമെടുത്ത് ഉടൻ നടപ്പാക്കണമെന്ന് ഗവ: നോട് അഭ്യർത്ഥിച്ചു. കൂടാതെ സ്വകാര്യ കോളേജ് അദ്ധ്യാപകർക്ക് ഹൗസിംഗ് ലോൺ നൽകുന്നതിന് വ്യവസ്ഥ ഉണ്ടാക്കണമെന്നും മററ് ഹൗസിംഗ് സ്കീമുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് സർക്കാർ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പലിശ മാത്രമേ ഈടാക്കാവൂ എന്നും യോഗം സർക്കാരിനോടാവശ്യപ്പെട്ടു. □

# kerala private college teacher

*monthly journal of the all kerala private college teachers' association*

*No. 30* *Registered No : KL/TV/237*


GOVERNMENT OF KERALA

**ABSTRACT**

Establishment - Collegiate Education - Arts, Science and Training Colleges (Government and Private) - Automatic promotion of Lectures as Non-Cadre II Grade Professors - counting of service put in as Demonstrator/Tutor/Junior Lecturer - Modification - orders issued.

HIGHER EDUCATION (F) DEPARTMENT

G. O. RT- 1762/81/H. Edn. Dated: Trivandrum: 26-8-1981.

Read: 1. G. O. Ms. 10/81/H. Edn. dated 28-1-1981.

**ORDER**

The word "regular" occuring before the word 'service' in para 2 of the G. O. read above is deleted.

2. The G. O. read above will stand modified to that extent.

by Order of the Governor
C. GOPALAKRISHNAN NAIR
Under Secretary

To

The Director of Collegiate Education.
The Registrars, University of Kerala and Calicut.
The Accountant General
All Association of Government College Teachers and Private College Teachers.
The Finance Department.
The Higher Education (D) and (J) Dept.
General Administration (SC) Department.


*printed and published by prof. v. narayanan kutty, at chempaka printers, trivandrum-4,*
*chief editor: v. n. murali.*